(ഇ) കേന്ദ്ര സർക്കാർ 2000-2001 വർഷക്കാലത്ത് ക്വിന്റലൊന്നിന് 3250 രൂപ നിരക്കിൽ മിൽ കൊപ്രയ്ക്കും ഉണ്ട കൊപ്രയ്ക്ക് 3500 രൂപ നിരക്കിലും താങ്ങുവില നിശ്ചയിച്ച് നാഫെഡ് അവരുടെ ഏജൻസികളായ കേരഫെഡ്, മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവ മുഖേന കൊപ്ര സംഭരണം നടത്തി വരുന്നു. കൊപ്രയുടെ തറവിലയ്ക്ക് അനുസൃതമായ വില നിശ്ചയിച്ച് നാഫെഡ് കർഷകരിൽ നിന്നും നാളികേരം സംഭരിക്കണം. അതിനാവശ്യമായ സഹായങ്ങൾ നൽകുന്നതാണ്. മാർക്കറ്റ് വിലയേക്കാൾ 50 പൈസ കൂടുതൽ നൽകി റബ്ബർ സംഭരണം നടത്തുന്നു. 15000 ത്തോളം ടൺ റബ്ബർ കയറ്റുമതി ചെയ്തു. 75000 ടൺ വിവിധയിനം റബ്ബർ കയറ്റുമതി ചെയ്യാനും കൂടി റബ്കോ, മാർക്കറ്റ് ഫെഡ്, എസ്.റ്റി.സി. എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നികുതിയിതര വരുമാനം വർദ്ധിപ്പിക്കാൻ നടപടി

24 (*232) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നികുതിയിതര വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുവേണ്ടി ധനകാര്യ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സെൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഇ) കൂടുതൽ നിർദ്ദേശങ്ങൾ പരിഗണനയിൽ ഉണ്ടോ ;

(എഫ്) എങ്കിൽ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ ;

(ജി) കഴിഞ്ഞ 4 വർഷങ്ങളിൽ നികുതിയിതര വരുമാനത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 6-8-1997 -ലെ സ.ഉ. (പി) 668/97/ ധന പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ നിയമിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചപ്പോൾ അതിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് വേണ്ടി ധനകാര്യ വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുകയും ചെയ്തു.

(ബി) 20-5-1998-ലെ സ.ഇ. (ആർ.ടി) നം. 3744/95/പൊ.ഭ. പ്രകാരം ധനകാര്യ വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൃഗസംരക്ഷണം, ആർക്കൈഡ്സ്, ആർക്കിയോളജി, എപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, കാഴ്ചബംഗ്ലാവ് ആന്റ് മൃഗശാല, പ്രവേശന പരീക്ഷാ കൺട്രോളർ, സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ, തുറമുഖ മരാമത്ത്, തുറമുഖം, വിനോദ സഞ്ചാരം, വ്യവസായ വാണിജ്യ വകുപ്പ്, പൊതു വിതരണം, ഭൂഗർഭ ജലസേചനം, സർവ്വേ & ലാന്റ് റിക്കാർഡ്സ്, അളവുകളും തൂക്കങ്ങളും, വാട്ടർ അപ്പലേറ്റ് അതോറിറ്റി, കേരള ഗസറ്റേഴ്സ് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, സ്റ്റേഷനറി, സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സ്, ലോക്കൽ ഫണ്ട് ആഡിറ്റ്, കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറി, പോലീസ്, വനം, സഹകരണം, മെഡിക്കൽ വിദ്യാഭ്യാസം, (അലോപതി, ആയുർവേദം, ഹോമിയോപ്പതി) ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, മത്സ്യ ബന്ധനം, നിയമകോളേജുകൾ, തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി, കൃഷി, പൊതു വിദ്യാഭ്യാസം തുടങ്ങി 35-ൽപ്പരം വകുപ്പുകളിലെ നികുതിയിതര നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചു.

(ഡി) മൃഗസംരക്ഷണം, ആർക്കൈഡ്സ്, ആർക്കിയോളജി, എപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ്, കാഴ്ചബംഗ്ലാവ് ആന്റ് മൃഗശാല, പ്രവേശന പരീക്ഷാ കൺട്രോളർ സാംസ്ക്കാരിക പ്രസിദ്ധീകരണങ്ങൾ, തുറമുഖ മരാമത്ത്, തുറമുഖം, വിനോദ സഞ്ചാരം, വ്യവസായ വാണിജ്യ വകുപ്പ്, പൊതു വിതരണം, ഭൂഗർഭ ജലസേചനം, സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്, അളവുകളും തൂക്കങ്ങളും, വാട്ടർ അപ്പലേറ്റ് അതോറിറ്റി, കേരള ഗസറ്റേഴ്സ് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, സ്റ്റേഷനറി, സ്പോർട്ട്സ് ആന്റ് യൂത്ത് അഫയേഴ്സ്, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, പോലീസ്, വനം, സഹകരണം തുടങ്ങി 24 വകുപ്പുകളിലെ നികുതിയിതര നിരക്ക് വർദ്ധിപ്പിച്ചു കൊണ്ടുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഹെൽത്ത് സർവ്വീസസ്, ബോർഡ് ഓഫ് റവന്യൂ, ലേബർ കോർട്ട്, രജിസ്ട്രേഷൻ മോട്ടോർ വെഹിക്കിൾ തുടങ്ങി വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ളതും അല്ലാത്തതുമായ മറ്റു വകുപ്പുകളിൽ കൂടി നികുതിയിതര നിരക്ക് വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

(ജി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ നാലു വർഷ കാലയളയിൽ 1997-98 വർഷത്തിൽ 4424 ലക്ഷം രൂപയുടെയും 1998-99 വർഷത്തിൽ 209 ലക്ഷം രൂപയുടേയും വർദ്ധനവ് ലഭിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly